(സി) ഇല്ല. കെ.എസ്.ആർ.ടി.സി. യുടെ റിസർവ്വേഷൻ സൗകര്യമി ല്ലാത്ത ഫാസ്റ്റ് പാസഞ്ചർ വരെയുള്ള സർവ്വീസുകളിൽ വികലാംഗർക്ക് രണ്ട് സീറ്റ് സംവരണം ചെയ്തിട്ടുണ്ട്. റിസർവ്വേഷൻ സൗകര്യമുള്ള ഫാസ്റ്റ് പാസഞ്ചർ മുതലുള്ള സൂപ്പർ ക്ലാസ് സർവ്വീസുകളിൽ ഈ സൗകര്യം നിലവിലില്ല. ഓൺ ലൈൻ റിസർവേഷൻ സൗകര്യമുള്ളതിനാൽ, റിസർവ്വേഷനുള്ള ഫാസ്റ്റ് പാസഞ്ചർ മുതലുള്ള സർവ്വീസുകളിൽ വികലാംഗരായ സ്ത്രീകൾക്കും പുരുഷൻമാർക്കും മാത്രമായി ഓരോ സീറ്റ് സംവരണം ചെയ്യുന്നത് പ്രായോഗി കമായി ബുദ്ധിമുട്ടായിരിക്കുമെന്നതിനു പുറമെ ദീർഘദൂര സർവ്വീസുകളിൽ നിന്നും യാത്രക്കാരെ അകറ്റുന്നതിന് ഇടയാക്കുകയും ചെയ്യുമെന്നതിനാൽ ഇപ്പോൾ പരിഗണിക്കുവാൻ കഴിയില്ല.

പുതിയ റൂട്ടുകൾ സംബന്ധിച്ച്

107 (2206) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തളിപ്പറമ്പ് മണ്ഡലത്തിൽ എത്ര കെ.എസ്.ആർ.ടി.സി. റൂട്ടുകൾ പുതുതായി അനുവദിച്ചിട്ടുണ്ട് ;

(ബി) അനുവദിച്ച ഏതെങ്കിലും റൂട്ടുകൾ പിന്നീട് നിർത്തലാക്കിയി ട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) കെ.എസ്.ആർ.ടി.സി. റൂട്ടിനായി സമർപ്പിച്ച മണ്ഡലത്തിൽ നിന്നുള്ള എത്ര അപേക്ഷകൾ ബാക്കിയുണ്ട് എന്നും അവ ഏതൊക്കെയാ ണെന്നും ആയതിലേക്ക് എന്നേക്ക് തീരുമാനമെടുക്കുമെന്നും അറിയിക്കുമോ ?

ഉത്തരം

(എ) ഏഴ് പുതിയ റൂട്ടുകൾ അനുവദിച്ചിട്ടുണ്ട്.

1. കണ്ണൂർ - ശ്രീകണ്ഠപുരം (മയ്യിൽ-മലപ്പം-കണിയാറ വയൽ വഴി)
2. കണ്ണൂർ - പെരുമ്പടമ്പ് - ചെറുപുഴ
3. കണ്ണൂർ - തളിപ്പറമ്പ് - കാട്ടാമ്പള്ളിക്കടവ്
4. കണ്ണൂർ - മയ്യിൽ - പെരുമാച്ചേരി
5. കണ്ണൂർ - ബ്ലാത്തൂർ
6. കണ്ണൂർ - ആലക്കോട്
7. കണ്ണൂർ - മുള്ളോൽ

(ബി) പുതിയ റൂട്ടുകൾ ഒന്നും തന്നെ നിർത്തലാക്കിയിട്ടില്ല. എന്നാൽ തളിപ്പറമ്പ് മണ്ഡലത്തിൽ നേരത്തേ സർവ്വീസ് നടത്തിയിരുന്ന 7.15 മണി വെള്ളിക്കൽ സർവ്വീസ് 2010 ജനുവരിക്ക്ശേഷം ഓപ്പറേറ്റ് ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

വരുമാനക്കുറവ് കാരണമാണ് ഈ സർവ്വീസ് നിർത്തിവച്ചത്. നിർത്തിവയ്ക്കുമ്പോൾ കിലോമീറ്ററിന് ശരാശരി 13 രൂപ 92 പൈസയായിരുന്നു വരുമാനം.

(സി) അഞ്ച് അപേക്ഷകൾ ബാക്കിയുണ്ട്. അവ താഴെപ്പറയുന്ന റൂട്ടുകൾ അനുവദിക്കുന്നതിലേക്കാണ്.

1. തളിപ്പറമ്പ്-ചുഴലി-വളക്കൈ-ചെമ്പൻതൊട്ടി-ചെമ്പേരി എഞ്ചിനീയറിംഗ് കോളേജ്.

2. തളിപ്പറമ്പ്-കുറ്റം-കുളത്തൂർ

3. കണ്ണൂർ-മയ്യിൽ-കൊറ്റാളായി

4. കണ്ണൂർ-മയ്യിൽ-കാട്ടമ്പള്ളി

5. കണ്ണൂർ-ചാലോട്-ഇരിക്കൂർ

എല്ലാ റൂട്ടുകളും സാദ്ധ്യതാ പഠനം നടത്തിയിട്ടുണ്ട്. ബസ്സിന്റെയും ജീവനക്കാരുടെയും കുറവ് അനുഭവപ്പെടുന്നതിനാലാണ് ഈ സർവ്വീസുകൾ അനുവദിക്കാൻ കഴിയാതിരിക്കുന്നത്.

ലോ ഫ്ളോർ ബസുകൾ സമീപജില്ലാ ആസ്ഥാനങ്ങളിലേക്ക് സർവ്വീസ് നടത്തുന്നത് സംബന്ധിച്ച്

108 (2207) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന തലസ്ഥാനത്ത് ഇപ്പോൾ എത്ര ലോ ഫ്ളോർ ബസ്സുകൾ എത്ര ; നോൺ എ.സി. ബസ്സുകൾ എത്ര ;

(ബി) ഇവയിൽ എ.സി. ബസ്സിന്റെ ശരാശരി പ്രതിദിന കളക്ഷൻ എത്ര; നോൺ എ.സി. ബസ്സിന്റെ പ്രതിദിന കളക്ഷൻ എത്ര ;

(സി) ഇവ ലാഭകരമായാണോ പ്രവൃത്തിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ഡി) സിറ്റി പരിധിക്കു പുറത്ത് ഇവ സർവ്വീസ് നടത്തുന്നുണ്ടോ ; അങ്ങനെ സർവ്വീസ് നടത്തുന്നതിന് തടസ്സമുണ്ടോ ;

(ഇ) സമീപ ജില്ലാ ആസ്ഥാനങ്ങളിലേക്ക് ലോ ഫ്ളോർ ബസ് സർവ്വീസ് ആരംഭിച്ച് പ്രസ്തുത സർവ്വീസുകൾ ലാഭകരമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആകെ 46 എണ്ണം

എ.സി. 18

നോൺ എ.സി. 28

LIBRARY ARCHIVES Kerala Legislative Assembly